(ഇ) ട്രാഫിക് സുരക്ഷാ സംബന്ധമായ ബോധവൽക്കരണ പരിപാടികൾ താൽപര്യപൂർവ്വം സംഘടിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വാഹന മേഖലയുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ, ജനപ്രതിനിധികൾ മുതലായവരെ സഹകരിപ്പിച്ച് സമഗ്ര പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) ട്രാഫിക് അവബോധം വളർത്തുന്നതിലേയ്ക്കായി ട്രാഫിക് സെമിനാറുകൾ സംഘടിപ്പിച്ചു. പല പ്രധാനപ്പെട്ട അപകടങ്ങളുടെയും ഫോട്ടോ പ്രദർശനം നടത്തി. ഇത് ഡ്രൈവർമാരിലും പൊതുജനങ്ങളിലും അവബോധം ഉണ്ടാക്കുന്നതിന് ഉപകരിച്ചു. പ്രധാന ജംഗ്ഷനുകളിൽ റോഡു സുരക്ഷാ ബാനറുകൾ (അമിത വേഗത ഒഴിവാക്കുക) ഉയർത്തി. പല ജില്ലകളിലും റോഡ് സുരക്ഷയെ സംബന്ധിച്ച് എക്സിബിഷനുകൾ നടത്തി. സിനിമാ ശാലകളിലും വാഹനങ്ങളിലും റോഡ് സുരക്ഷാ സ്റ്റിക്കറുകൾ പ്രദർശിപ്പിച്ചു. ട്രാഫിക് ലഘുലേഖകൾ വിതരണം നടത്തി. കണ്ണു പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചു. വാഹന പരിശോധന ഊർജ്ജിതപ്പെടുത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു. റോഡ് സുരക്ഷാ റാലികൾ സംഘടിപ്പിച്ചു. ട്രാഫിക് നിയമം പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രധാന ജംഗ്ഷനുകളിൽ അനൗൺസ് ചെയ്തു. കുട്ടികൾക്കായി റോഡ് സുരക്ഷാ ക്വിസ് മത്സരം നടത്തി.

(ബി) ഉണ്ട്.

(സി) റോഡ് സുരക്ഷാ വാരാചരണ പരിപാടികളിൽ ജനപ്രതിനിധികളേയും സന്നദ്ധ സംഘടനകളെയും പങ്കാളികളാക്കിയിരുന്നു. ഇതിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ആർ.ടി.ഒ.-മാർക്ക് 20,000 രൂപ വീതവും ആറ്റിങ്ങൽ, മൂവാറ്റുപുഴ, ഇടുക്കി, വയനാട്, വടകര എന്നീ ആർ.ടി.ഒ.-മാർക്ക് 10,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഇ) വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇക്കാര്യങ്ങളെല്ലാം നിർദ്ദിഷ്ട റോഡു സുരക്ഷാ ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്.

കൊച്ചുവേളിയിൽ റെയിൽവേയുടെ നിർദ്ദിഷ്ട സാറ്റലൈറ്റ് സ്റ്റേഷൻ നിർമ്മാണം

129 [1268] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കൊച്ചുവേളിയിൽ റെയിൽവേയുടെ നിർദ്ദിഷ്ട സാറ്റലൈറ്റ് സ്റ്റേഷൻ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി സ്ഥലമെടുക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) നിർദ്ദിഷ്ട വികസന പദ്ധതിക്കായി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്ന് കണക്കായിട്ടുണ്ടോ;

(എഫ്) വീടും ഭൂമിയും നഷ്ടപ്പെടുന്നവർക്കായി എന്തെല്ലാം പുനരധിവാസ പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ജി) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുമുമ്പ് ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഉന്നതതല സമ്മേളനം വിളിച്ചുചേർക്കുമോ?

ഉത്തരം

(എ) പിറ്റ് ലൈൻ, പ്ലാറ്റ്ഫോം നിർമ്മാണ ജോലികൾക്കുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ തുടങ്ങുന്നതാണ്.

(ബി) 50 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) 1961-ലെ കേരള സർവേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) വകുപ്പ് പ്രകാരമുള്ള പരസ്യം 22-11-2003-ൽ അസാധാരണ ഗസറ്റിൽ 2156-ാം നമ്പർ ആയി പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പൊന്നുംവില ആക്ടിന്റെ അടിയന്തിര ഖണ്ഡത്തിൽ ഉൾപ്പെടുത്തി മുൻകൂറായി എടുക്കുന്നതിന് 16-1-2004-ലെ ജി.ഒ. (ആർറ്റി.) നമ്പർ 13/04 പ്രകാരം ഉത്തരവും നൽകിയിട്ടുണ്ട്. 19-1-2004-ൽ നോട്ടിഫിക്കേഷൻ ഉത്തരവും ആയിട്ടുണ്ട്.

(ഇ) ഉണ്ട്. 200 ഓളം.

(എഫ്) പ്രത്യേക പുനരധിവസ പദ്ധതികൾ ഒന്നും ഏർപ്പെടുത്തിയതായി അറിയില്ല.

(ജി) പരിഗണിക്കാവുന്നതാണ്.

ട്രെയിനുകളുടെ ബോഗികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത് തടയാൻ നടപടി

130 [1269] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ ബോഗികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതുമൂലം ട്രെയിൻ യാത്രക്കാർക്ക് ഉണ്ടാകുന്ന യാത്രാ ക്ലേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly